(ബി) കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് വൺ ടൈം സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നല്കുകയുണ്ടായോ;

(സി) വിളകളുടെ വിലയിടിവും കൃഷിനാശവും കാർഷിക പ്രതിസന്ധിയും മൂലം വായ്പാ കുടിശ്ശിക വരുത്തിയ കൃഷിക്കാരെ സഹായിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കിക്കൊണ്ട് വൺ ടൈം സെറ്റിൽമെന്റ് സ്കീം ഉദാര വ്യവസ്ഥകളോടുകൂടി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദാര വ്യവസ്ഥകളോടുകൂടിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതുമൂലം സംഘങ്ങളുടെ കുടിശ്ശിക കുറയുന്നതോടുകൂടി പ്രവർത്തനം മെച്ചപ്പെടുന്നതിനാൽ സർക്കാർ ആയതിലേക്കായി പ്രത്യേക സഹായം നല്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനം

*12 [498] ശ്രീ. ടി. കെ. ബാലൻ :
,, കെ. പി. സതീശ്ചന്ദ്രൻ :
,, സാജു പോൾ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സി. എ. പി. ഇ. (കേപ്പ്)-ന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) സി. എ. പി. ഇ. (കേപ്പ്)-ന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകൾക്കും എ. ഐ. സി. ടി. ഇ.-യുടെയും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെയും മറ്റും അംഗീകാരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനുദ്ദേശ്യമുണ്ടോ; ഏതെല്ലാം കോളേജുകളിലാണ് പുതിയ കോഴ്സുകൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) വിലയിരുത്താറുണ്ട്.

(ബി) കേപ്പിന്റെ കീഴിലുള്ള 5 എഞ്ചിനീയറിംഗ് കോളേജുകളിലും കൊച്ചി സഹകരണ മെഡിക്കൽ കോളേജിലും കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വികസന പ്രവർത്തനങ്ങൾ യഥാവിധി നടപ്പാക്കിവരുന്നു.

(സി) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ ബി.ടെക്. കോഴ്സുകൾക്കും എ. ഐ. സി. ടി. ഇ.-യുടെ അംഗീകാരം ഉണ്ട്. കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ എം. ബി. ബി. എസ്. കോഴ്സിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(ഡി) കേപ്പിന്റെ കീഴിൽ പുതിയതായി തിരുവനന്തപുരത്ത് വലിയതുറയിൽ കേരള മാരി ടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള 5 എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയതായി എം. ബി. എ./എം. സി. എ. കോഴ്സ് തുടങ്ങാൻ ഉദ്ദേശ്യമുണ്ട്. കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ 2005-06-ൽ നേഴ്സിംഗ് സ്കൂൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പടിപടിയായി ബി. എസ്സി. (നഴ്സിംഗ്), എം. എൽ. റ്റി. എന്നീ കോഴ്സുകൾ തുടങ്ങുവാനും ഉദ്ദേശ്യമുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

*13 [499] ശ്രീ. വി. ചെന്താമരാക്ഷൻ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടേയും ലബോറട്ടറി സൗകര്യങ്ങളുടേയും ശോചനീയമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഈ സാമ്പത്തിക വർഷം (2004-05) ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(ഡി) അടിസ്ഥാന-ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്ത് തുക കൂടി വേണമെന്നാണ് പ്ലാനിംഗ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly